(ബി) ഇല്ലെങ്കിൽ അവ പൂർത്തീകരിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ;

(സി) നടപ്പ് സാമ്പത്തിക വർഷത്തിൽ പ്രസ്തുത പഞ്ചായത്തിലെ റോഡുകളുടെ മെയിൻറനൻസിനുവേണ്ടി എന്ത് തുക നീക്കിവച്ചിട്ടുണ്ട്;

(ഡി) ഇനി എത്ര റോഡുകളുടെ പണി നടത്താനുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) പഞ്ചായത്തിന്റെ ധനാഗമമാർഗ്ഗങ്ങളനുസരിച്ച് പുനരുദ്ധാരണ പണികൾ കഴിവതും വേഗം ചെയ്യുന്നതാണ്.

(സി) പഞ്ചായത്തിന്റെ ബഡ്ജറ്റിൽ ഈ ആവശ്യത്തിനായി രണ്ട് ലക്ഷം രൂപ വക കൊള്ളിച്ചിട്ടുണ്ട്.

(ഡി) 35 എണ്ണം.

കിളിമാനൂർ പഞ്ചായത്തിലെ റോഡുകളുടെ മെയിൻറനൻസ്

805 [973] ശ്രീമതി ഭാർഗ്ഗവീ തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിൽ കിളിമാനൂർ പഞ്ചായത്തിലെ പഞ്ചായത്ത് റോഡുകളുടെ മെയിൻറനൻസ് ജോലികൾ പൂർത്തീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അവ പൂർത്തീകരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുമോ;

(സി) നടപ്പ് സാമ്പത്തികവർഷത്തിൽ പ്രസ്തുത പഞ്ചായത്തിലെ റോഡിന്റെ മെയിൻറനൻസിന് വേണ്ടി എന്ത് തുക നീക്കിവച്ചിട്ടുണ്ട്;

(ഡി) ഇനി എത്ര റോഡുകളുടെ പണി നടത്താനുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) പഞ്ചായത്തിന്റെ ധനസ്ഥിതി മെച്ചപ്പെടുന്നതനുസരിച്ച് പുനരുദ്ധാരണ പണികൾ ചെയ്യുന്നതാണ്.

(സി) പഞ്ചായത്ത് ബഡ്ജറ്റിൽ ഒരു ലക്ഷം രൂപ വക കൊള്ളിച്ചിട്ടുണ്ട്.

(ഡി) 164

LIBRARY ARCHIVES Kerala Legislative Assembly